## പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1055 10/06/2019 -ലെ മറുപടിക്ക്.

## ക്ഷേമനിധി ബോർഡുകളുടെ സംയോജനം

ചോദ്യം

**ശ്രീ.എ.പി. അനിൽ കുമാർ:**

മറുപടി

**ശ്രീ. ടി.പി.രാമകൃഷ്ണൻ**

**(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | തൊഴിൽ വകുപ്പിന് കീഴിൽ വരുന്ന ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും ഭരണ ചെലവ് കുറയ്ക്കുന്നതിനും വേണ്ടി ക്ഷേമനിധി ബോർഡുകളെ സംയോജിപ്പിക്കുന്നതിനുള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലുണ്ടോ; | (എ) & (ബി) | ഈ വിഷയം സർക്കാർ പരിശോധിച്ചു വരുന്നു. |
| (ബി) | എത്ര ക്ഷേമനിധി ബോർഡുകളെ സംയോജിപ്പിക്കുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്; | | |
| (സി) | ഈ സംയോജനം സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് ചെയ്യുന്നതിന് ഇതിനകം എത്ര കമ്മിറ്റികളെ നിയോഗിച്ചിട്ടുണ്ട്; വിശദാംശം നൽകുമോ; | (സി) | ക്ഷേമനിധി ബോർഡുകളുടെ ഏകീകരണം സംബന്ധിച്ച് പഠിക്കുന്നതിന് ശ്രീനിവാസൻ കമ്മിറ്റിയെ നിയമിച്ചിരുന്നു. കൂടാതെ 02/07/2014 – ന് ഇതു സംബന്ധിച്ച് തൊഴിൽ വകുപ്പ് മന്ത്രി വിളിച്ചു ചേർത്ത കേന്ദ്ര ട്രേഡ് യൂണിയൻ പ്രതിനിധികളുടെ യോഗ തീരുമാനത്തെത്തുടർന്ന് ലേബർ കമ്മീഷണർ അദ്ധ്യക്ഷനായി ഒരു സബ്കമ്മിറ്റി രൂപീകരിച്ചിരുന്നു. |
| (ഡി) | പ്രസ്തുത സംയോജനത്തിലൂടെ ബോർഡുകളുടെ സാമ്പത്തിക ഭദ്രത | (ഡി) | ക്ഷേമനിധി ബോർഡുകളുടെ പുന:സംഘടന വഴി ഭരണചെലവ് |

| | | | |
|---|---|---|---|
| | ഉറപ്പാക്കുന്നതിനും അതിലെ അംഗങ്ങളുടെ ക്ഷേമകാര്യങ്ങൾക്ക് താമസം കൂടാതെ നടപടി സ്വീകരിക്കുന്നതിനും സാധിക്കുമെന്ന് വിലയിരുത്തുന്നുണ്ടോ? | | കുറയ്ക്കുന്നതിനും തൊഴിലാളികൾക്കുള്ള ആനുകൂല്യങ്ങൾ പരിഷ്കരിക്കുന്നതിനും കൂടുതൽ മെച്ചപ്പെട്ട രീതിയിൽ ആനുകൂല്യവിതരണം നടത്തുന്നതിനും സാധിക്കും. |

സെക്ഷൻ ഓഫീസർ